## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 956 — 09.08.2017 ന് മറുപടിയ്ക്ക്.

## തൊഴിൽ പരിശീലന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. രാജഗോപാൽ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം നൽകുവാൻ സർക്കാർഎന്തെല്ലാം പദ്ധതി കളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) ഐ ടി ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കു വേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യാ (EDI), അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (CEED) എന്ന പേരിൽ ഒരു മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർ നാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തനസജ്ജമായി. നവസംരഭങ്ങൾക്ക് ആവശ്യമായ നടപടി ക്രമങ്ങളെക്കുറിച്ചും പ്രവർത്തന രീതിയെക്കുറിച്ചും പരിശീലനം ലഭ്യമാക്കുകയും യുവസംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് CEED ലക്ഷ്യമിടുന്നത്.<br>ഇതുകൂടാതെ തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന താഴെപ്പറയുന്ന പദ്ധതികളും നടത്തിപ്പോരുന്നു.<br>1. ദേശീയ നഗര ഉപജീവന മിഷൻ – (എൻയുഎൽഎം) - കേന്ദ്രാവിഷ്കൃത പദ്ധതി<br>2. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന – (ഡിഡിയുജികെവൈ) - -<br>3. സൂക്ഷ്മ സംരംഭം-സംസ്ഥാന പദ്ധതി |
| (ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എത്ര തുകയാണ് കേരള സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത് ; | (ബി) CEED -ന്റെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമായിട്ടില്ല. എന്നാൽ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18 സാമ്പത്തിക വർഷം ആകെ 1438.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന പദ്ധതികൾ നടപ്പിലാക്കുന്നതിന് 2014 - 15 മുതൽ 2017 – 18 വരെ ആകെ 6304.24 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

(സി) നേമം നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന എത്ര തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ട് ; എന്തൊക്കെ പരിശീലന പരിപാടികളാണ് അവിടെ നൽകുന്നത് ; വിശദമാക്കുമോ ?

(സി) നിലവിൽ നേമം നിയോജകമണ്ഡലത്തിൽ. തൊഴിൽ വകുപ്പിന്റെ കീഴിൽ നൈപുണ്യവികസന പരിശീലന കേന്ദ്രങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. എന്നാൽ കുടുംബശ്രീയുടെ കീഴിലുള്ള ഡിഡിയുജികെവൈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ അപ്പോളോ മെഡ്സ്കിൽ എന്ന പരിശീലന കേന്ദ്രം കരമനയിൽ പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥാപനത്തിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, ഫാർമസി അസിസ്റ്റന്റ് എന്നീ കോഴ്സുകൾ പരിശീലിപ്പിക്കുന്നുണ്ട്.

Bindu

സെക്ഷൻ ഓഫീസർ